കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ സ്വയംതൊഴിൽ പദ്ധതി

10 [2165] ശ്രീ. ആനത്തലവട്ടം ആനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിൽ സ്വയം തൊഴിൽ പദ്ധതി പ്രകാരമോ തൊഴിലധിഷ്ഠിത പദ്ധതി പ്രകാരമോ ആട്ടോറിക്ഷ വാങ്ങുന്നതിനുള്ള പദ്ധതി നിറുത്തലാക്കുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ധാരാളം അപേക്ഷകരുള്ളപ്പോൾ ഇത് നിറുത്തലാക്കിയത് റദ്ദാക്കി അടിയന്തിരമായി ലോൺ അനുവദിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) ആറാറിങ്ങൽ, വർക്കല എന്നീ ബ്രാഞ്ചുകളിൽ സ്വർണ്ണപ്പണയ പദ്ധതി നടപ്പിലാക്കുമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ സ്വയം തൊഴിൽ പദ്ധതിപ്രകാരം ആട്ടോറിക്ഷ വാങ്ങിയവർക്ക് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങളിൽ അവ ഓടിക്കുവാനുള്ള പെർമിറ്റ് ബന്ധപ്പെട്ട രജിസ്റ്റിംഗ് അധികാരികളിൽ നിന്നും ലഭ്യമാകാതെ വന്നതുമൂലം വായ്പ തിരിച്ചടയ്ക്കാൻ പ്രയാസമുള്ളതായി ഉപഭോക്താക്കൾ അറിയിച്ചതിനാൽ മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ ഓട്ടോറിക്ഷ നൽകുന്നത് തൽക്കാലം നിറുത്തിവെയ്ക്കേണ്ടിവന്നു.

(ബി) ഓട്ടോറിക്ഷ ഓടിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും പെർമിറ്റ് കിട്ടുവാൻ സാദ്ധ്യതയുള്ള പഞ്ചായത്തു പ്രദേശങ്ങളിലെ അപേക്ഷകർക്ക് ഓട്ടോറിക്ഷ നൽകുന്നതിനുവേണ്ട നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ച് യഥാസമയം തീരുമാനിക്കുന്നതാണ്.

കെ. എഫ്. സി.-യുടെ കൊല്ലം ശാഖയിലെ അഴിമതി

11 [2166] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തഭടൻമാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്ന സ്കീം പ്രകാരം കെ. എഫ്. സി. മിനി ലോറി വാങ്ങുന്നതിലേക്കായി ലോൺ അനുവദിച്ചു വരുന്നുണ്ടോ;

(ബി) പ്രസ്തുത ലോണിന്റെ പലിശ നിരക്ക് എത്രയാണ്;

(സി) ഏതെങ്കിലും തരത്തിലുള്ള സബ്സിഡി പ്രസ്തുത ലോണിന് നൽകി വരുന്നുണ്ടോ;

(ഡി) കെ. എഫ്. സി -യുടെ കൊല്ലം ശാഖയിൽ ഇത്തവണ ലോൺ അനുവദിക്കുന്ന കാര്യത്തിൽ കാലതാമസവും അഴിമതിയും നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത കാലതാമസവും അഴിമതിയും ഇല്ലാതാക്കുന്നതിൽ സത്വര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly